"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടാമ്പി നഗരസഭയുടെ ഉടമസ്ഥതയിലുള്ള പട്ടാമ്പി പെരിന്തൽമണ്ണ റോഡിൽ സർവ്വെ നമ്പർ 80/1B1, 80/1A1B, 80/11, 12,13 ൽ ഉൾപ്പെട്ട 2.71 ഏക്കർ ഭൂമിയിൽ നിന്നും 50 സെന്റ് സ്ഥലം റവന്യൂ ടവർ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് കൈമാറി നൽകുന്നതിന് പട്ടാമ്പി നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.195/2022/LSGD തീയതി,തിരുവനന്തപുരം, 23-08-2022

---

പരാമർശം:-

1. 23.7.2021 തീയതിയിലെ പട്ടാമ്പി നഗരസഭ കൗൺസിൽ യോഗത്തിലെ 2-ാം നമ്പർ തീരുമാനം.
2. 04/08/2021 ലെ പട്ടാമ്പി നഗരസഭാ സെക്രട്ടറിയുടെ E2 7389/21 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 03/01/2021 ലെ G2/19755/2021-) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടാമ്പി നഗരസഭയുടെ ഉടമസ്ഥതയിലുള്ള പട്ടാമ്പി പെരിന്തൽമണ്ണ റോഡിൽ സർവ്വെ നമ്പർ 80/1B1, 80/1A1B, 80/11, 12,13 ൽ ഉൾപ്പെട്ട 2.71 ഏക്കർ ഭൂമിയിൽ നിന്നും 50 സെന്റ് സ്ഥലം റവന്യൂ ടവർ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് കൈമാറുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുത്തിരുന്നു. മേൽ വിഷയത്തിൽ പട്ടാമ്പി നഗരസഭയുടെ 50 സെന്റ് സ്ഥലം റവന്യൂ ടവർ നിർമ്മാണത്തിനായി റവന്യൂ വകുപ്പിനു വിട്ടു നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത സ്ഥലം നഗരസഭ വിലയ്ക്ക് വാങ്ങിയിട്ടുള്ളതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതുമാണെന്നും എന്നാൽ 19.8.2006 ലെ ഒറ്റപ്പാലം സബ് കളക്ടറുടെ ജി 2958/06 നമ്പർ ഉത്തരവ് പ്രകാരം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ടി ഭൂമിയോട് ചേർന്ന 35 സെന്റ് സ്ഥലം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നഗരസഭ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി വരുന്നുണ്ടെന്നും ടി സ്ഥലം കൈമാറുന്നത് സംബന്ധിച്ച് അനുമതിക്കായി പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടം (1)-ാം ഉപചട്ടം പ്രകാരം പട്ടാമ്പി നഗരസഭയുടെ ഉടമസ്ഥതയിലുള്ള പട്ടാമ്പി പെരിന്തൽമണ്ണ റോഡിൽ സർവ്വെ നമ്പർ 80/1B1, 80/1A1B, 80/11, 12,13 ൽ ഉൾപ്പെട്ട 2.71 ഏക്കർ ഭൂമിയിൽ നിന്നും 50 സെന്റ് സ്ഥലം റവന്യൂ ടവർ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് കൈമാറി നൽകുന്നതിന് പട്ടാമ്പി നഗരസഭയ്ക്ക്

അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 23-08-2022 16:25:04**
സെക്ഷൻ ഓഫീസർ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പട്ടാമ്പി നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

റവന്യൂ(എൽ) വകുപ്പ് (എൽ1/9/2022/റവ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(Fileno.RC1/186/2021/LSGD.